# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5952 | 30.07.2015 ൽ മറുപടിക്ക്

### മ്യൂസിയം മൃഗശാല വളപ്പിലെ കെട്ടിടങ്ങൾ

ചോദ്യം | ഉത്തരം

ശ്രീ. വി. ശിവൻകുട്ടി :

ശ്രീമതി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം തിരുവനന്തപുരം മ്യൂസിയം മൃഗശാല വളപ്പിൽ എത്ര കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിച്ചു എന്നും അവ ഓരോന്നും എന്തിനു വേണ്ടിയായിരുന്നു എന്നും അവ ഓരോന്നിനും എത്ര തുക വീതമാണ് നിർമ്മാണ ചെലവ് എന്നും വിശദമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം തിരുവനന്തപുരം മ്യൂസിയം മൃഗശാലവളപ്പിൽ നിർമ്മിച്ച കെട്ടിടങ്ങൾ സംബന്ധിച്ചും ആയതിന്റെ ഉദ്ദേശ്യവും ചെലവായ തുക സംബന്ധിച്ചും ചുവടെ ചേർക്കുന്നു. |

| നിർമ്മിച്ച കെട്ടിടം | ഉദ്ദേശ്യം | ചെലവായ തുക (രൂപ) |
|---|---|---|
| 1. ആർട്ട്ഗ്യാലറി ഓഫീസ് | ആർട്ട് ഗ്യാലറിയിൽ ജോലി നോക്കുന്നവർക്ക് ഓഫീസ് ഇല്ലാ ത്തതിന്റെ പശ്ചാത്തലത്തിൽ | 8,00,000/- |
| 2. ഗാർഡൻ ഓഫീസ് (ഭാഗികം) | നിലവിലുള്ള ഗാർഡൻ ഓഫീസിന്റെ ശോച്യാവസ്ഥയെ തുടർന്ന് പുതിയ കെട്ടിട നിർമ്മാണം ആരംഭിച്ചു. ആയതിന്റെ നിർമ്മാണം പൂർത്തിയായിട്ടില്ല | 25,75,000/- |
| 3. അനകോണ്ട, രാജവെമ്പാല എന്നിവയ്ക്കായി പുതിയ പരിബന്ധനം | ആവാസവ്യവസ്ഥയ്ക്ക് യോജിച്ച രീതിയിൽ പുതിയ പരിബന്ധനം അനിവാര്യമായതിനാൽ | 2,18,16,491/- |
| 4. ഗാർഡ് റൂം | സ്ഥാപനത്തിലെ ഗാർഡുകൾക്കായി ഒരു കെട്ടിടം ഇല്ലാതിരുന്ന പശ്ചാത്തലത്തിൽ | 7,85,000/- |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (ബി) | ഇവിടെ ഉണ്ടായിരുന്ന ബൊട്ടാണിക്കൽ ഗാർഡന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും അതു സംരക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ? | (ബി) | ബൊട്ടാണിക്കൽ ഗാർഡൻ ഭംഗിയായി സംരക്ഷിക്കുന്നുണ്ട്. പുൽതകിടികൾ വച്ച് പിടിപ്പിക്കുകയും നടപ്പാതകൾ, സ്പ്രിംഗ്ളറുകൾ എന്നിവ സ്ഥാപിക്കുകയും പൂന്തോട്ടം മോടി പിടിപ്പിക്കുകയും ചെയ്തു. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ